**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5179** **21-07-2022 - ൽ മറുപടിയ്ക്ക്**

**മാവേലിക്കര മണ്ഡലത്തിലെ അഗ്രോസർവ്വീസ് സെന്ററുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം എസ് അരുൺ കുമാർ | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | മാവേലിക്കര നിയോജകമണ്ഡലത്തിൽ എത്ര അഗ്രോസർവ്വീസ് സെന്ററുകൾ ഉണ്ടെന്നും ഏതൊക്കെയെന്നും വ്യക്തമാക്കുമോ; | (എ) | ചാരുംമൂട് ബ്ലോക്ക് കേന്ദ്രമാക്കി പ്രവർത്തിച്ച് വരുന്ന ഓണാട്ടുകര അഗ്രോസർവ്വീസ് സെന്റർ മാത്രമാണ് മാവേലിക്കര നിയോജക മണ്ഡലത്തിൽ നിലവിൽ ഉള്ളത്. |
| (ബി) | പ്രസ്തുത നിയോജകമണ്ഡലത്തിൽ പുതിയ അഗ്രോസർവ്വീസ് സെന്ററുകൾ ആരംഭിക്കുന്നത് പരിഗണനയിൽ ഉണ്ടോ; പാലമേൽ, നൂറനാട്, തഴക്കര എന്നിവിടങ്ങളിൽ പുതിയ ആഗ്രോസർവ്വീസ് സെന്ററുകൾ ആരംഭിക്കുന്നത് പരിഗണിക്കുമോ; വിശദമാക്കുമോ; | (ബി) | ഒരു ബ്ലോക്കിൽ ഒരു അഗ്രോ സർവ്വീസ് സെന്റർ ആണ് സാധാരണയായി പ്രവർത്തിച്ച് വരുന്നത്. മാവേലിക്കര മണ്ഡലത്തിലെ ചാരുംമൂട് ബ്ലോക്കിൽ താമരക്കുളം പഞ്ചായത്തിൽ നിലവിൽ ഓണാട്ടുകര അഗ്രോസർവ്വീസ് സെന്റർ പ്രവർത്തിച്ച് വരുന്നുണ്ട്. അഗ്രോ സർവീസ് സെന്ററുകൾ നിലവിലില്ലാത്ത 51 ബ്ലോക്കുകളിലാണ് പുതിയ കൃഷിശ്രീ സെന്ററുകൾ സ്ഥാപിക്കുന്നതിന് മുൻഗണന നൽകുന്നത്. മാവേലിക്കര മണ്ഡലത്തിലെ മാവേലിക്കര ബ്ലോക്കിൽ നിലവിൽ അഗ്രോ സർവ്വീസ് സെന്ററുകൾ ഇല്ലാത്തതിനാൽ ടി ബ്ലോക്കിന്റെ അപേക്ഷ ലഭിക്കുന്ന മുറയ്ക്ക് പുതിയ കൃഷിശ്രീ സെന്ററുകൾ അനുവദിക്കുമ്പോൾ പരിശോധിക്കുന്നതാണ്. |
| (സി) | പ്രസ്തുത നിയോജകമണ്ഡലത്തിൽ സ്ഥിതിചെയ്യുന്ന ഹോർട്ടികോർപ്പ് ഓഫീസിന്റെയും ഹണിപാർക്കിന്റെയും പ്രവർത്തനം വിശദമാക്കുമോ; ഏതെല്ലാം തേൻ ഉല്പന്നങ്ങൾ ആണ് ഇവിടെ നിർമ്മിക്കുന്നത്; തേൻപാർക്കിന്റെ നവീകരണത്തിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ? | (സി) | മാവേലിക്കര നിയോജക മണ്ഡലത്തിലെ തഴക്കര ഗ്രാമപഞ്ചായത്തിലാണ് ഹോർട്ടികോർപ്പിന്റെ തേനീച്ച വളർത്തൽ കേന്ദ്രവും, തേനീച്ച പാർക്കും സ്ഥിതി ചെയ്യുന്നത്. ഇവയുടെ പ്രവർത്തനവും, നിർമ്മിക്കുന്ന ഉല്പന്നങ്ങളും, തേൻ പാർക്കിന്റെ നവീകരണ പ്രവൃത്തികൾ സംബന്ധിച്ച വിശദാംശങ്ങളും അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

## മാവേലിക്കര തേനീച്ച വളർത്തൽ കേന്ദ്രം

തേനീച്ച വളർത്തലിൽ താല്പര്യമുള്ള കർഷകരെ സംഘടിപ്പിച്ച് 3 ദിവസം നീണ്ടുനിൽക്കുന്ന തേനീച്ച വളർത്തൽ, തേനധിഷ്ഠിത മൂല്യവർദ്ധിത ഉല്പന്ന നിർമ്മാണം എന്നീ പരിശീലനങ്ങളാണ് നടപ്പിലാക്കി വരുന്നത്. സംസ്ഥാനത്തെ തേനീച്ച കർഷകർ ഉല്പാദിപ്പിച്ച തേൻ നേരിട്ട് സംഭരിച്ച് സംസ്കരിച്ച് 'അമൃത് തേൻ' എന്ന ബ്രാന്റിൽ വിപണനം ചെയ്തു വരുന്നു. പച്ച തേൻ സംസ്കരിക്കുന്നതിനായി അത്യാധുനിക രീതിയിൽ രൂപകല്പന ചെയ്ത ഒരു തേൻ സംസ്കരണ യൂണിറ്റും ഈ കേന്ദ്രത്തിൽ പ്രവർത്തിച്ചു വരുന്നു. തേനധിഷ്ഠിത മൂല്യ വർദ്ധിത ഉല്പന്നങ്ങളായ ചക്ക ഇൻഫ്യൂസ്ഡ് ഹണി, മാംഗോ ഇൻഫ്യൂസ്ഡ് ഹണി, ജിൻജർ ഇൻഫ്യൂസ്ഡ് ഹണി, ഗാർലിക് ഇൻഫ്യൂസ്ഡ് ഹണി എന്നിവ തേനീച്ച വളർത്തൽ കേന്ദ്രം വികസിപ്പിച്ചെടുത്തിട്ടുണ്ട്.

## തേനീച്ച പാർക്ക്

തേനീച്ച വളർത്തലിന് ആവശ്യമായ തേനും പൂമ്പൊടിയും ലഭിക്കുന്ന ചെടികൾ, വൃക്ഷങ്ങൾ, ലതകൾ, പുൽവർഗ്ഗങ്ങൾ എന്നിവ നട്ട് വളർത്തി വരുന്നു. തേനീച്ചകൾ പരാഗണത്തെ സഹായിക്കുന്നതു വഴി കാർഷിക വിളകളുടെയും മറ്റ് ചെടികളുടെയും ഉല്പാദനം വർദ്ധിപ്പിക്കുന്നു എന്ന് പൊതു സമൂഹത്തെ ബോധവാന്മാരാക്കുക എന്നതാണ് പ്രധാന ലക്ഷ്യം. തേനീച്ചയെപ്പോലുള്ള ഷഡ്പദങ്ങളുടെ നിലനിൽപ്പിനാധാരമായ തേനും പൂമ്പൊടിയും ലഭിക്കുന്ന ചെടികളെ വളർത്തി സംരക്ഷിക്കുന്നതിലൂടെ പ്രകൃതിയുടെ സന്തുലിതാവസ്ഥ നിലനിർത്താനും പ്രകൃതിയെ സംരക്ഷിക്കുന്നതിനു കഴിയും എന്ന ബോധവത്ക്കരണത്തിനും കൂടിയാണ് തേനീച്ച പാർക്ക് നിലനിർത്തിയിരിക്കുന്നത്. തേനീച്ചയ്ക്ക് തേനും പൂമ്പൊടിയും ലഭിക്കുന്ന മാവ്, പേര, റംമ്പൂട്ടാൻ, മുസമ്പി, പീനട്ട്, ഞാവൽ, ജാമ്പ, മുരിങ്ങ തുടങ്ങിയ ചെടികളും ഏകദേശം മുപ്പതോളം ഓഷധ സസ്യങ്ങളും തേനീച്ച പാർക്കിൽ സംരക്ഷിച്ചു വരുന്നു.

## വിവിധ തരം തേൻ ഉല്പന്നങ്ങൾ

പഴുത്ത ചക്ക തേനുമായി ചേർത്ത് നിർമ്മിച്ചിരിക്കുന്ന ജാക്ക് ഫ്രൂട്ട് ഇൻഫ്യൂസ്ഡ് ഹണി, മാങ്ങ തേനുമായി ചാലിച്ചെടുത്തിരിക്കുന്ന മാംഗോ ഇൻഫ്യൂസ്ഡ് ഹണി, ഇഞ്ചി തേനുമായി ചേർത്ത് തയ്യാറാക്കിയിരിക്കുന്ന ജിൻജർ ഇൻഫ്യൂസ്ഡ് ഹണി, വെളുത്തുള്ളിയും തേനും ചേർത്ത് നിർമ്മിച്ച ഗാർളിക് ഇൻഫ്യൂസ്ഡ് ഹണി, നെല്ലിക്കയും തേനും ചേർത്ത അംല ഇൻഫ്യൂസ്ഡ് ഹണി, ഹണികോള (ഇഞ്ചിനീരും നാരങ്ങ നീരും തേനും ശുദ്ധമായ വെള്ളവും ചേർത്തെടുക്കുന്ന ഹണികോള) എന്നിവ ഈ കേന്ദ്രം വഴി ആവശ്യാനുസരണം വിപണനം ചെയ്തു വരുന്നു. കൂടാതെ ശുദ്ധമായ തേനീച്ച മെഴുകും വെളിച്ചെണ്ണയും ചേർത്തുണ്ടാക്കുന്ന വിവിധതരം ഉല്പന്നങ്ങൾ തേനീച്ച വളർത്തൽ കേന്ദ്രം നിർമ്മിച്ച് വിപണനം ചെയ്തു വരുന്നു.

## നവീകരണ പ്രവർത്തനങ്ങൾ

തേൻ പാർക്കിന്റെ നവീകരണത്തിന്റെ ഭാഗമായി തേൻ, തേനുല്പന്നങ്ങൾ, തേനധിഷ്ഠിത പാനീയങ്ങൾ എന്നിവ വില്പന നടത്തുന്നതിനായി ആധുനിക രീതിയിൽ സജ്ജീകരിച്ച "ഹണി പാർലറിന്റെ" പ്രവർത്തനം ആരംഭിക്കുന്നതാണ്. ഈ കേന്ദ്രത്തിൽ പരിശീലനത്തിനായി എത്തുന്ന കർഷകർക്ക് താമസിക്കാനായി ഒരു ട്രെയിനിംഗ് ഹോസ്റ്റൽ നിർമ്മിക്കുന്നതിനായുള്ള പദ്ധതി അംഗീകരിച്ചിട്ടുണ്ട്. ഈ സാമ്പത്തിക വർഷം തന്നെ ട്രെയിനിംഗ് ഹോസ്റ്റൽ പ്രവർത്തനം ആരംഭിക്കുന്നതാണ്.